**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 118** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>മിഷൻ സമുദ്ര</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അൻവർ സാദത്ത്
ശ്രീ. നീലകണ്ഠൻ
ശ്രീ. സന്ദീപ് വാര്യർ
ശ്രീ. ടി .ഒ. മോഹനൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തെ തീരദേശത്തെയും നദികളെയും കായലുകളെയും രാജ്യാന്തര വിമാനത്താവളങ്ങളെയും ബന്ധിപ്പിക്കുന്ന 'മിഷൻ സമുദ്ര' എന്ന പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്.

**(ബി)** എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ **600** കിലോമീറ്ററോളമുള്ള തീരപ്രദേശത്തെയും **44** നദികളെയും, **34** തടാകങ്ങളെയും, നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളെയും, മലനാട്, ഇടനാട് എന്നിവയുടെ സമഗ്ര സാധ്യതകൾ സംയോജിപ്പിച്ച് കേരളത്തെ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ലോക ഭൂപടത്തിൽ ഒരു ശക്തമായ സാന്നിധ്യമായി ഉയർത്തുന്നതിനായി സംസ്ഥാന സർക്കാരിന്റെ വിഷൻ **2031** പദ്ധതികളുടെ ഭാഗമായി മിഷൻ സമുദ്ര എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ഒരു സംയോജിത തുറമുഖ നഗരമാക്കി മാറ്റുന്നതിനും, കേരളത്തിലെ മേജർ, മൈനർ തുറമുഖങ്ങളെ ബന്ധിപ്പിച്ച് ഘട്ടം ഘട്ടമായി ജലഗതാഗത സംവിധാനം വികസിപ്പിക്കുന്നതിനും ഈ പദ്ധതി മുഖാന്തിരം ലക്ഷ്യമിടുന്നു. ഈ പദ്ധതിയിലൂടെ ആദ്യഘട്ടത്തിൽ കാര്യക്ഷമമായ ചരക്ക് ഗതാഗതവും തുടർന്ന് ജനങ്ങൾക്ക് സൗകര്യപ്രദമായ യാത്രാ സേവനങ്ങളും, അവസാന ഘട്ടത്തിൽ ജലാശയങ്ങളുമായി ഇവയെ ബന്ധിപ്പിച്ച് ഒരു ഏകീകൃത നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

**(സി)** പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ **17** നോൺ മേജർ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കോസ്റ്റൽ ടൂറിസം വികസിപ്പിച്ച് അന്താരാഷ്ട്ര വ്യാപാരത്തിനുള്ള സാധ്യത ഉയർത്തുക, വിഴിഞ്ഞം തുറമുഖത്തെ ആസ്പദമാക്കി ബിസിനസ്, തൊഴിൽ, വിദ്യാഭ്യാസം, ടൂറിസം, വ്യവസായം, നിയമം, ജേർണലിസം തുടങ്ങി വിവിധ മേഖലകളിൽ ഉയർന്ന നിലവാര ത്തിലുള്ള അവസരങ്ങൾ സാധാരണക്കാർക്കും ലഭ്യമാകുന്ന തരത്തിൽ പ്രത്യേക പദ്ധതികൾ രൂപപ്പെടുത്തി നടപ്പിലാക്കുക, സംസ്ഥാനത്തെ പ്രധാന

കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മാരിടൈം എക്സിബിഷൻ & കോൺഫറൻസ് ഹാളുകൾ സ്ഥാപിച്ച് കേരളത്തെ ആഗോള മാരിടൈം ആശയ വിനിമയത്തിന്റെയും വ്യാപാരത്തിന്റെയും പ്രധാന കേന്ദ്രമാക്കുക. കോളേജുകളിലും സർവകലാശാലകളിലും മാരിടൈം, ലോജിസ്റ്റിക്സ്, പോർട്ട് മാനേജ്മെന്റ് മേഖലകളിൽ അക്കാദമിക് ഇടപെടലുകൾ ശക്തിപ്പെടുത്തി സെമിനാറുകളും ഗവേഷണ പരിപാടികൾ സംഘടിപ്പിക്കുക, അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫോറിൻ ട്രേഡ് ആൻഡ് ലോജിസ്റ്റിക്സ് യൂണിവേഴ്സിറ്റി സ്ഥാപിച്ച് ഭാവിയിലെ മാരിടൈം വ്യാപാരരംഗങ്ങൾക്കാവശ്യമായ നൈപുണ്യ, മനുഷ്യ വിഭവശേഷി വളർത്തിയെടുക്കുന്നതിനും തുറമുഖ മേഖലകളിൽ ഉയരുന്ന തർക്കങ്ങൾ വേഗത്തിലും സുതാര്യമായും പരിഹരിക്കാൻ അന്താരാഷ്ട്ര നിലവാരമുള്ള ആർബിട്രേഷൻ ട്രിബ്യൂണലുകൾ സ്ഥാപിച്ച് നിക്ഷേപ സൗഹൃദ അന്തരീക്ഷം ഉറപ്പാക്കുക തുടങ്ങിയ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**